# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2314</u> <u>17.08.2017-ൽ മറുപടിയ്ക്ക്</u>

## <u>കോതമംഗലം മണ്ഡലത്തിലെ ഹോസ്റ്റലിന്റെ നിർമാണം</u>

<u>ചോദ്യം</u>

ശ്രീ.ആന്റണി ജോൺ

<u>മറുപടി</u>

ശ്രീ.എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ

പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ

മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റലും പിണവൂർ കുടിയിൽ പ്രീ-മെട്രിക് ഹോസ്റ്റലും ആരംഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | കിഫ്ബി മുഖേന ധനസമാഹരണം നടത്തി കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റലും, പിണവൂർ കുടിയിൽ പ്രീ-മെട്രിക് ഹോസ്റ്റലും ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) | പ്രസ്തുത ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് എത്ര തുക വീതമാണ് അനുവദിച്ചിരിക്കുന്നത്; | ബി) | 5 കോടി രൂപ വീതം ചെലവിൽ ഹോസ്റ്റൽ നിർമ്മാണം നടത്തുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| സി) | പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | സി) | കിഫ്ബിയുടെ 28-ാമത് ബോർഡ് മീറ്റിംഗിൽ ടി പദ്ധതിയുടെ ഡി.പി.ആർ-ന് ഉപാധികളോടെ അനുമതി നൽകിയിട്ടുണ്ട്. |
| ഡി) | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹോസ്റ്റലിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | ഡി) | ടി പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും അന്തിമ അനുമതി ലഭ്യമായതിനു ശേഷമേ ഹോസ്റ്റൽ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളു. |

(signature)

സെക്ഷൻ ഓഫീസർ